**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4207** **18-07-2022 - ൽ മറുപടിയ്ക്ക്**

**മലബാർ സിമന്റ്സ് പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇതര സംസ്ഥാന സിമന്റ് കമ്പനികളുടെ കടന്നുകയറ്റവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും മൂലം പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് വലിയ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ സിമന്റ് ഉപയോഗത്തിന്റെ ഏറിയ പങ്കം അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം മൂലം മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉൽപ്പാദന ചെലവ് മറ്റ് കമ്പനികളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ചെലവ് കുറച്ച് ഉൽപാദനം കൂട്ടുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സിമന്റ് ഓർഡർ മലബാർ സിമന്റ് കമ്പനിക്ക് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ് കമ്പനിക്ക് ഇത്തരം ഓർഡറുകൾ ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) | പൊതുമരാമത്ത് വകുപ്പ് നേരിട്ട് സിമന്റ് വാങ്ങാറില്ല. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് ടെണ്ടർ മുഖാന്തിരം കരാർ ലഭിക്കുന്ന ഏജൻസികൾ അവരുടെ സൗകര്യാർത്ഥം സിമെന്റ് വാങ്ങുകയാണ് ചെയ്യുന്നത്. |
| (സി) | മാർക്കറ്റിംഗ് സംവിധാനത്തിലെ വീഴ്ചയും മാനേജ്മെന്റ് കെടുകാര്യസ്ഥതയും മലബാർ സിമൻസിന്റെ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ കാര്യക്ഷമമായ മാർക്കറ്റിംഗ് സംവിധാനം ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഉയർന്ന ഉൽപാദന ചെലവു മൂലം പൊതുമേഖലയിലുള്ള മലബാർ സിമന്റിന് മറ്റ് സ്വകാര്യ സിമന്റ് കമ്പനികളുടെ വിപണന തന്ത്രങ്ങളോട് മത്സരിക്കുവാൻ പലപ്പോഴും കഴിയാറില്ല. എന്നാൽ ചെലവ് കുറച്ച് ഉല്പാദനം കൂട്ടി വിപണിയിൽ കൂടുതൽ സജീവമാകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ